20-11-2021

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -20/11/2021

1. ഭാരത സർക്കാരിന്റെ പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ് അതോറിറ്റി കർഷകർക്കായി ഏർപ്പെടുത്തുന്ന പ്ലാന്റ് ജിനോം സേവ്യർ ഫാർമർ അവാർഡ് പത്തനംതിട്ട പുല്ലുപ്രം സ്വദേശി റെജി ജോസഫിന് ലഭിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന അവാർഡ് കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിംഗ് തോമറിൽ നിന്നുമാണ് ഏറ്റുവാങ്ങിയത്. സസ്യ ഇനങ്ങളുടെ സംരക്ഷണത്തിലും വികസനത്തിലും നൽകുന്ന സംഭാവനകൾ കണക്കിലെടുത്ത് ഇന്ത്യയിലെ കർഷകർക്ക് നൽകുന്ന ഏറ്റവും ഉയർന്ന ഈ പുരസ്കാരം കേരളത്തിൽ നിന്ന് ഒരു കർഷകനും ഒരു കർഷക ഗ്രൂപ്പിനും ആണ് ലഭിച്ചിട്ടുള്ളത്.

2. അനധികൃത അറവ് തടയുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നതിനും വെറ്ററിനറി സർജന്മാരുടെ തസ്തിക ഇല്ലാത്ത അതിർത്തി ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജന്മാരെ നിയമിക്കുന്നതിനും സ്റ്റേറ്റ് ആനിമൽ വെൽഫെയർ ബോർഡിന്റെ യോഗത്തിൽ തീരുമാനിച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി** പ്രകാരം **ചെറുകിട കൂൺ ഉൽപാദനം, ഹൈടെക് കൂൺകൃഷി, കൂൺ സംസ്കരണം, കൂൺ വിത്തുൽപാദന യൂണിറ്റുകൾ** എന്നിവയ്ക്കു 40 ശതമാനം സബ്സിഡിയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 50 ശതമാനം സബ്സിഡിയും അനുവദിക്കുന്നു. കൂടാതെ 50 സെന്റ് സ്ഥലത്ത് നഴ്സറി സ്ഥാപിക്കുന്നതിന് കാർഷിക ഗ്രൂപ്പുകൾ, കുടുംബശ്രീ, സൊസൈറ്റികൾ എന്നിവയ്ക്ക് 50 ശതമാനം ധനസഹായം (പരമാവധി 15 ലക്ഷം രൂപയും) അനുവദിക്കുന്നു. **ഔഷധ സസ്യകൃഷി വികസന പദ്ധതി പ്രകാരം** ഗ്രൂപ്പടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 1.25 ലക്ഷം രൂപ വരെയും ധനസഹായം അനുവദിക്കുന്നുണ്ട്. താൽപര്യമുള്ള തൃശൂർ ജില്ലയിലെ കർഷകരും, ഗ്രൂപ്പുകളും അതതു സ്ഥലത്തെ കൃഷിഭവനുമായോ **8086606434** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

4. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **8281757450, 9995874050 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന **റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സി**ലേക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാനതീയതി നവംബർ 22-ലേക്ക് നീട്ടി. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ നവംബർ 24-ന് ആരംഭിക്കുന്ന കോഴ്സിന് ഏതെങ്കിലും സയൻസ് വിഷയത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. താൽപര്യമുള്ളവർ എൻ.ഐ.ആർ.റ്റി.-യുടെ '**ഓൺലൈൻ ആപ്ലിക്കേഷൻ സബ്മിഷൻ**' പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ www.training.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

6. വെറ്ററിനറി സർവ്വകലാശാലയുടെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് തിരുവാഴാംകുന്നിൽ പ്രവർത്തിക്കുന്ന വളർത്തു പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴി കുഞ്ഞുങ്ങളെ ഏഴ് രൂപ നിരക്കിൽ നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **04924 293885** എന്ന ഫോൺ നമ്പരിലോ **6282907009** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് ഈ മാസം **23 മുതൽ 27** വരെ രാവിലെ 10.30 ന് **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7034215912, 9961533547, 0487 2960079** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

8. ആലപ്പുഴ ജില്ലയിൽ ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, ചാരുംമൂട് എന്നീ ബ്ലോക്ക് പരിധിയിലെ ചെറുകിട വളം, കീടനാശിനി

ഡീലർമാർക്ക് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടി ഇന്ന് രാവിലെ (20.11.2021) 10 മണിയ്ക്ക് കായംകുളം ടൗൺ ഹാളിൽ വച്ച് നടത്തുന്നതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം** എന്നിവയിൽ ഈ മാസം 22-ന് (നവംബർ 22-ന്) ഉച്ചകഴിഞ്ഞ് 2.30 മണി മുതൽ വൈകിട്ട് 4.30 മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുകയോ www.training.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24,25 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 29-ന് പോത്ത് വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

11. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ **ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും** തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ **ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും** ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വേണം. ഇത് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി **ക്ലോറാൻട്രാനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

12. മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. ഇതിന്റെ നിയന്ത്രണത്തിനായി വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക.

13. മഴക്കാലത്ത് നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിന് മുൻകരുതലായി ഞാറിന്റെ വേരുഭാഗം 0.02% വീര്യമുള്ള ക്ലോർപൈറിഫോസ് ലായനിയിൽ 12 മണിക്കൂർ നേരത്തേക്ക് മുക്കിവച്ചതിനുശേഷം നടുക.